# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7685 15.07.2014-ൽ മറുപടിയ്ക്ക്**

**എൻ.ജി.ഒ. സംഘടനകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സാജു പോൾ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് എൻ.ജി.ഒ. സംഘടനകൾ നടത്തി വരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; | (എ) സംസ്ഥാനത്തെ എൻ.ജി.ഒ. സംഘടനകളുടെ പ്രവർത്തനങ്ങൾ ചില സന്ദർഭങ്ങളിൽ വിലയിരുത്താറുണ്ട്. |
| ബി) രാജ്യദ്രോഹ പ്രവർത്തനങ്ങൾ നടത്തുന്നതായി കേന്ദ്ര ഇന്റലിജൻസ് ബ്യൂറോ കണ്ടെത്തിയ ഏതെങ്കിലും സംഘടനകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ ; | (ബി) എൻ.ജി.ഒ. സംഘടനകളുടെ രാജ്യദ്രോഹ പ്രവർത്തനം സംബന്ധിച്ച് കേന്ദ്ര ഇന്റലിജൻസ് ബ്യൂറോയുടെ റിപ്പോർട്ട് ഒന്നും തന്നെ ആഭ്യന്തര വകുപ്പിന് ലഭിച്ചിട്ടില്ല. |
| സി) ഗ്രീൻ പീസ് എന്ന അന്താരാഷ്ട്ര സംഘടനയുമായി ബന്ധമുള്ള എൻ.ജി.ഒ. സംഘടനകൾ ഏതെല്ലാമാണ് ; | (സി) സുരക്ഷാ കാരണങ്ങളാൽ ഇതു സംബന്ധിച്ചുള്ള വിവരങ്ങൾ വെളിപ്പെടുത്തുന്നത് അഭികാമ്യമല്ല. |
| ഡി) ഗ്രീൻപീസും എൻ.ജി.ഒ. കളും ചേർന്ന് പശ്ചാത്തല സൗകര്യ വികസന പദ്ധതികൾക്കും വൻകിട വ്യവസായ സ്ഥാപനങ്ങൾക്കുമെതിരെ സ്ഥാപിത താല്പര്യങ്ങൾക്കായി നടത്തുന്നതായി പറയപ്പെടുന്ന ദേശദ്രോഹ നീക്കങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കുമോ ? | (ഡി) രാജ്യ ദ്രോഹ നീക്കങ്ങൾ ആരുടെ ഭാഗത്തുനിന്ന് ഉണ്ടായാലും കണ്ടെത്തി നടപടി സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ സംസ്ഥാന താല്പര്യം സംരക്ഷിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ